LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിലും വെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കാം. ഞങ്ങൾ ഒരു പ്രത്യേക നിർദ്ദേശം കൊടുത്തിരിക്കുന്നത് എം.എൽ.എ. പ്രത്യേകമായി ചൂണ്ടിക്കാണിക്കണം, ഗ്രാമപഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കണമെന്നാണ്. കാരണം ഈ സന്ദർഭത്തിൽ കുറച്ച് ബുദ്ധിമുട്ടുകൾ എല്ലാ നടപടികളിലും വരുന്നുണ്ട്. തെരഞ്ഞെടുപ്പിന്റെയൊക്കെ സമയമായതുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ, കുറച്ച് അഭാവമുണ്ട്. അതുകൊണ്ട് എം.എൽ.എ. നിർദ്ദേശിക്കുക, ബന്ധപ്പെട്ട ലോക്കൽ ബോഡീസിന്റെ റെസല്യൂഷൻ എടുക്കുക, റവന്യൂ ഡിപ്പാർട്ടുമെന്റ് കളക്ടറുടെ നിർദ്ദേശം അനുസരിച്ച് അടിയന്തരമായി വെള്ളം എത്തിക്കുക. അതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും കൊടുത്തിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ സ്ഥലത്ത് ഞാൻ പ്രത്യേകമായി നിർദ്ദേശം കൊടുക്കാം.

7. കൊടുങ്ങല്ലൂർ-അങ്കമാലി റോഡ് വീതി കൂട്ടൽ

ശ്രീ. എ. കെ. ചന്ദ്രൻ : സർ, എൻ.എച്ച്.17-നെയും എൻ.എച്ച്.47-നെയും ബന്ധപ്പെടുത്തുന്നതും കൊടുങ്ങല്ലൂരിൽ നിന്ന് അങ്കമാലി വളരെ എളുപ്പത്തിൽ എത്താവുന്നതുമാണ് കൊടുങ്ങല്ലൂർ-പൊയ്യ-പൂപ്പത്തി-കൂഴൂർ-മൂഴിക്കുളം-വട്ടപ്പറമ്പ് -അങ്കമാലി റോഡ്. ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നെടുമ്പാശ്ശേരി വിമാനത്താവളം, അങ്കമാലി റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ എത്തുന്നതിനുള്ള പ്രധാനപ്പെട്ട മാർഗ്ഗവും ഇതുതന്നെയാണ്. എന്നാൽ റോഡിന് വേണ്ടത്ര വീതിയില്ലാത്തതുകൊണ്ട് ഗതാഗതക്കുരുക്ക് നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനം തുടങ്ങിയതോടെ വർദ്ധിക്കുന്ന ഗതാഗതക്കുരുക്കിന് ഒരു ചെറിയ പരിഹാരവും ഈ റോഡ് തന്നെയാണ്. ആയതിനാൽ എത്രയും വേഗം ഈ റോഡിന് ആവശ്യമായ വീതി കൂട്ടി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കൊടുങ്ങല്ലൂർ-പൊയ്യ-പൂപ്പത്തി-കൂഴൂർ -മൂഴിക്കുളം-വട്ടപ്പറമ്പ്-അങ്കമാലി റോഡ് എറണാകുളം ജില്ലയിലും തൃശൂർ ജില്ലയിലുമായി സ്ഥിതിചെയ്യുന്നതാണ്. നിലവിൽ ഈ റോഡ് വികസിപ്പിക്കുന്നതിന് പദ്ധതികൾ ഒന്നുംതന്നെ ആവിഷ്ക്കരിച്ചിട്ടില്ല. ഈ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഈ റോഡിന്റെ പ്രാധാന്യമാണ് ശ്രീ. എ. കെ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചത്. ആ പ്രാധാന്യംവച്ചുകൊണ്ട് ഇത് സംബന്ധിച്ച് അടിയന്തരശിപാർശ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

8. സെക്രട്ടേറിയറ്റ് പടിക്കലെ റിലേ സത്യാഗ്രഹം

ശ്രീ. എൻ. ശക്തൻ : സർ, വി.എസ്.ഡി.പി. കഴിഞ്ഞ നാല് വർഷമായി സെക്രട്ടേറിയറ്റ് പടിക്കൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഇതിൽ 166 ദിവസമായി അവർ റിലേ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്നു. നാടാർ സമുദായത്തിലെ മുഴുവൻ ആളുകൾക്കും മതവ്യത്യാസമില്ലാതെ സംവരണം

കൊടുക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. രണ്ടാമത്തെ ആവശ്യം നാടാർ, മുസ്ലീം പിന്നോക്ക സമുദായങ്ങളിൽ വരുന്ന പെൺകുട്ടികൾക്ക് ഇപ്പോൾ നൽകിവരുന്ന സ്കോളർഷിപ്പ് ഒരു വർഷം 125 രൂപയാണ്. 31 വർഷത്തിന് മുമ്പ് തീരുമാനിച്ച അതേ തുകയാണിത്. ഒരു വർഷത്തേക്കാണ് 125 രൂപ. 125 രൂപ കിട്ടണമെന്നുണ്ടെങ്കിൽ വില്ലേജ് ഓഫീസറുടെയും തഹസീൽദാറുടെയും സർട്ടിഫിക്കറ്റുകൾ കൊടുക്കണം. ഇതെല്ലാം വാങ്ങിക്കൊടുത്ത് കാത്തിരുന്നാൽ ഒരു വർഷം കിട്ടുന്നത് 125 രൂപയാണ്. ഞാൻ തന്നെ ഈ സഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അത് മുപ്പത് വർഷത്തിന് മുമ്പുള്ള നിരക്കാണ്. ഇതുവരെ ഒരു പൈസ പോലും വർദ്ധിപ്പിച്ചിട്ടില്ല. അത് 1000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണമെന്ന് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് എനിക്ക് മറുപടി തന്ന ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത് അത് വർദ്ധിപ്പിക്കുമെന്നാണ്. എന്നാൽ മുസ്ലീം, നാടാർ പിന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പു തുക ഒരു പൈസ പോലും വർദ്ധിപ്പിച്ചിട്ടില്ല. 125 രൂപ 1000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട ആവശ്യം. അവരുടെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരാവശ്യം വൈകുണ്ഠ സ്വാമിയുടെ ജന്മദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്നതാണ്. തമിഴ്നാട്ടിലെ മൂന്ന് ജില്ലകളിൽ അന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെങ്കിലും പ്രാദേശിക അവധി കൊടുക്കണമെന്നുള്ളതാണ് അതു സംബന്ധിച്ചുള്ള അവരുടെ ആവശ്യം. പത്തിരുപത് ആവശ്യങ്ങൾ അവർ മുന്നോട്ടുവച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെന്റ് അവരുമായി സംസാരിച്ച് ഒരു ധാരണയിലെത്തണം. ആവശ്യങ്ങളിൽ പരമാവധി അനുവദിച്ച് സമരം ഒത്തുതീർപ്പിൽ എത്തിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വി.എസ്.ഡി.പി.-യുടെ വിവിധ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. നാടാർ വിഭാഗത്തിൽ മതപരിഗണന കൂടാതെ എല്ലാവർക്കും സംവരണം നടപ്പാക്കണം തുടങ്ങിയ വിവിധ ആവശ്യങ്ങളാണ് സമരം നടത്തുന്നവർ ഉന്നയിച്ചിട്ടുള്ളത്. ഈ സമരം ഒത്തു തീർപ്പാക്കുന്നതിനുവേണ്ടി അനുരഞ്ജന ചർച്ച നടത്താൻ എം.എൽ.എ.-മാരായ ശ്രീ. വി. ശിവൻകുട്ടി, ശ്രീ. ആർ. സെൽവരാജ് എന്നിവർ അഭ്യർത്ഥിച്ചിരുന്നു. വി.എസ്.ഡി.പി. ചെയർമാൻ വിഷ്ണുപുരം ശ്രീ. ചന്ദ്രശേഖരൻ, പ്രസിഡന്റ് ശ്രീ. നെല്ലിമൂട് ശ്രീധരൻ എന്നിവരുമായി 9-2-2011-ന് എന്റെ ചേമ്പറിൽ വച്ച് എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് ഒത്തുതീർപ്പുണ്ടാക്കുകയുണ്ടായി. മതപരിഗണന കൂടാതെ നാടാർ വിഭാഗത്തിലെ എല്ലാവർക്കും ഏകീകൃത സംവരണം നടപ്പിലാക്കുക എന്ന ആവശ്യം നിലവിലുള്ള സുപ്രീം കോടതിവിധിയുടെകൂടി പശ്ചാത്തലത്തിൽ നയപരമായി തീരുമാനിക്കാൻ ഗവൺമെന്റിനു കഴിയില്ല. കാരണം സുപ്രീം കോടതിയിൽ കേസ് വന്ന സമയത്ത് ഹിന്ദു നാടാരും എസ്.ഐ.യു.സി. നാടാരുമായിരുന്നു കക്ഷികൾ. വിവിധ സഭകളിൽ വിശ്വാസമർപ്പിച്ച നാടാർ വിഭാഗങ്ങൾ ഇതിൽ കക്ഷിയായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ ഒരു പിശകാണ് യഥാർത്ഥത്തിൽ ഈ ഒരു സ്ഥിതിയിലേക്ക് എത്തിക്കുന്നതിന് വഴി തെളിയിച്ചത്. എന്നാൽ ഇക്കാര്യത്തിൽ ഉടൻതന്നെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ നാടാർ വിഭാഗങ്ങളുമായി ചർച്ച നടത്തി സമവായത്തിൽ തീരുമാനിക്കാമെന്ന് സർക്കാർ, വി.എസ്.ഡി.പി. പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്. ഇതിനായി മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. സമരത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങളോട് അനുഭാവപൂർവ്വമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. പ്രധാനപ്പെട്ട ആവശ്യങ്ങളിന്മേൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വൈകുണ്ഠ സ്വാമിക്ക് സ്മാരകം പണിയുന്നതിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുകയും ഇതിനായി റവന്യൂ വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തു. ഇത് പരിഗണിക്കുന്നതായിരിക്കും. ജാതിസർട്ടിഫിക്കറ്റ് ലഭിക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കണമെന്ന ആവശ്യം റവന്യൂ വകുപ്പിന്റെയും പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ ശിപാർശയോടുകൂടി വിദ്യാഭ്യാസ വകുപ്പിന്റെയും വൈകുണ്ഠ സ്വാമിയുടെ സമാധിസ്ഥലമായ സ്വാമിത്തോപ്പിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണമെന്ന ആവശ്യം ഗതാഗത വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് അനുഭാവപൂർവ്വം പരിഗണിക്കും. സമരവുമായി ബന്ധപ്പെട്ട് എടുത്ത കേസ്സുകൾ പിൻവലിക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വി.എസ്.ഡി.പി. ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ സ്വീകരിച്ച അനുകൂല നിലപാട് മാനിച്ച് വഴിതടയലടക്കമുള്ള സമരം അവസാനിപ്പിക്കുന്നതാണെന്ന് ഭാരവാഹികൾ അറിയിക്കുകയും ധാരണയാവുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ ആവശ്യമുള്ള എല്ലാ തീരുമാനങ്ങളിലും ധാരണയ്ക്കനുസരിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

9. കരിങ്കൽ ക്വാറി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതേ ആവശ്യം ശ്രീ. മാങ്കോട് രാധാകൃഷ്ണനും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്ക് പ്രസന്റ് ചെയ്യാവുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, കേരളത്തിലെ കരിങ്കൽ ക്വാറി മേഖലയിൽ പതിനായിരക്കണക്കിന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ലക്ഷക്കണക്കിന് തൊഴിലാളികൾ ആ മേഖലകൊണ്ട് ഉപജീവനം കഴിയുന്നുണ്ട്. അടുത്ത കാലത്ത് ക്യാബിനറ്റ് തീരുമാനമെന്ന പേരിൽ റവന്യൂ പുറമ്പോക്ക് പാറകൾ ലേലം ചെയ്യാൻ തീരുമാനിച്ചു എന്നറിയുന്നു. അത് പരമ്പരാഗതമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയെന്ന് ആ മേഖലയിൽ ജോലി ചെയ്യുന്നവർ പറയുന്നു. ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ഈ മേഖലയിലെ ജീവനക്കാരും തൊഴിലാളികളും ഉടമകളുമെല്ലാം സമരം ചെയ്യുകയാണ്. നമുക്കറിയാം, കരിങ്കല്ലിനും മണലിനും വലിയ ക്ഷാമമാണ്. ഈയിടെ പല ജില്ലകളിലും മണൽ മേഖല പാർട്ടി സൊസൈറ്റികളുടെ നിയന്ത്രണത്തിൽ വന്നു. അതുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം കാണാൻ ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly